(എഫ്) പ്രസ്തുത കോളേജുകളിലെ ജീവനക്കാരെ മാതൃസ്ഥാപനങ്ങളായ ഐ.എച്ച്.ആർ.ഡി., ഡി.ടി.ഇ. എന്നിവയിൽ നിന്നും വേർപ്പെടുത്തി അതതു കോളേജുകളിലെ മാത്രം ജീവനക്കാരായി മാറ്റാനുള്ള നീക്കം ഗവൺമെന്റ് ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ജി) ലോക ബാങ്ക് നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രസ്തുത ബാങ്ക് ധനസഹായം അനുവദിച്ചതിനുശേഷം നടപ്പിലാക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു. ലോക ബാങ്ക് വ്യവസ്ഥ പ്രകാരം സാമ്പത്തിക സഹായം ലഭ്യമാകണമെങ്കിൽ അക്കാദമിക്, ധനകാര്യ ഭരണപരമായ സ്വയംഭരണം പ്രസ്തുത സ്ഥാപനങ്ങൾക്ക് വേണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുവരെ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടില്ല.

(സി—ഇ) സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്, ജി) സർക്കാരിന്റെ പരിഗണനയിലാണ്.

എഞ്ചിനീയറിംഗ് കോഴ്സിന് പേയ്മെന്റ് സീറ്റുകൾക്കുള്ള ഫീസ് ഏകീകരണം

134 [5116] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ് :
,, കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പേയ്മെന്റ് സീറ്റിൽ എഞ്ചിനീയറിംഗ് കോഴ്സിന് പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാൻ നിശ്ചയിച്ചിട്ടുള്ള പ്രതിവർഷ ഫീസായ 36,000 രൂപ മുൻവർഷങ്ങളിൽ പ്രസ്തുത കോഴ്സിന് പേയ്മെന്റ് സീറ്റിൽ പ്രതിവർഷ ഫീസായി 50,000 രൂപ അടച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും ഈ വർഷം മുതൽ ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിച്ച് അവർക്കും ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന 36,000 രൂപ പ്രതിവർഷ ഫീസായി നൽകിയാൽ മതിയെന്ന ഉത്തരവ് പുറപ്പെടുവിച്ച് എഞ്ചിനീയറിംഗ് കോഴ്സിന് പേയ്മെന്റ് സീറ്റുകൾക്കുള്ള ഫീസ് ഏകീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിഗണനയിലില്ല

LIBRARY ARCHIVES Kerala Legislative Assembly